**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 43** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിന്റെയും ഡീസലിന്റെയും നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി. യിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശത്തിനെതിരെ സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിലിൽ നിലപാട് സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ചുമത്തിയാൽ പോലും സംസ്ഥാന വിഹിതം 14% മാത്രമാണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടിയിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. മാത്രവുമല്ല എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര നികുതികളിൽ വൻ വർദ്ധനവാണ് ഉണ്ടായത്. അതിനാൽ കേന്ദ്ര നികുതി കുറച്ച് വിലനിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാരിൽ സർക്കാർ തലത്തിൽ സമ്മർദം ചെലുത്താവുന്നതാണ്. |
| (ബി) | പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ വില കുറയാൻ സാധ്യതയില്ല എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | പെട്രോളിനെയും ഡീസലിനെയും ചരക്കുസേവന നികുതിയിൽ ഉൾപ്പെടുത്തുമ്പോൾ നിശ്ചയിക്കുന്ന നികുതി നിരക്കിന് ആനുപാതികമായാണ് വിലവ്യത്യാസം ഉണ്ടാകുന്നത്. |
| (സി) | കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുമ്പോൾ സംസ്ഥാന സർക്കാർ ഈടാക്കുന്ന അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും വേണ്ടെന്നുവയ്ക്കാൻ തയ്യാറാകുമോ; | (സി) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപന നികുതി 2016-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും |

| | | | |
|---|---|---|---|
| | | | ഡീസലിന്റെയും സംസ്ഥാന വിൽപന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എന്നാൽ 06/05/2020-ൽ കേന്ദ്രനികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |
| (ഡി) | അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും ഉൾപ്പെടെ സംസ്ഥാനം നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ എത്ര ശതമാനം നികുതിയാണ് ചുമത്തുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ സംസ്ഥാനം ചുമത്തുന്ന അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പെട്രോൾ

| | | |
|---|---|---|
| സംസ്ഥാന വിൽപന നികുതി | - | 30.08% |
| അധിക വിൽപന നികുതി | - | 1 രൂപ / ലിറ്റർ |
| സോഷ്യൽ സെക്യൂരിറ്റി സെസ്സ് | - | വിൽപന നികുതിയുടെയും അധികവിൽപന നികുതിയുടെയും 1% |

### ഡീസൽ

| | | |
|---|---|---|
| സംസ്ഥാന വിൽപന നികുതി | - | 22.76% |
| അധിക വിൽപന നികുതി | - | 1 രൂപ / ലിറ്റർ |
| സോഷ്യൽ സെക്യൂരിറ്റി സെസ്സ് | - | വിൽപന നികുതിയുടെയും അധികവിൽപന നികുതിയുടെയും 1% |

**സെക്ഷൻ ഓഫീസർ**